# പതിനാലാം കേരള നിയമസഭ
## ഇരുപതാം സമ്മേളനം
## 2020 ആഗസ്റ്റ് മാസം 24 – ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും അദാനി എന്റർപ്രൈസസിനെ ഏൽപ്പിക്കുവാൻ 19.08.2020 ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനമെടുത്തിരിക്കുന്നു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് മുഖ്യപങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണം എന്ന സംസ്ഥാന സർക്കാരിന്റെ ശക്തിയായ ആവശ്യം പരിഗണിക്കാതെയാണ് ഈ തീരുമാനം.

ഇക്കാര്യത്തിൽ ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വ്യോമയാനമന്ത്രിയുടെയും മുമ്പാകെ അതാത് അവസരങ്ങളിൽ സംസ്ഥാന സർക്കാർ കത്തുകൾ വഴിയും നേരിട്ടും സംസ്ഥാനത്തിന്റെ താൽപ്പര്യം ഉന്നയിച്ചിട്ടുണ്ട്. ബിഡ്ഡിൽ കൂടുതൽ തുക സ്വകാര്യ കമ്പനി ക്വാട്ട് ചെയ്ത സാഹചര്യം കണക്കിലെടുത്തുകൊണ്ട്, അതേ തുക ഓഫർ ചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. ഇതെല്ലാം പാടെ അവഗണിച്ചു കൊണ്ടാണ് കേന്ദ്ര മന്ത്രിസഭ ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത്.

2003 ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിന് നൽകിയ ഉറപ്പിൽ, സംസ്ഥാന സർക്കാർ വിമാനത്താവള വികസനത്തിനായി നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ട് വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് നൽകാമെന്ന് പറഞ്ഞിരുന്നു. സംസ്ഥാന സർക്കാരിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും പൊതു – സ്വകാര്യപങ്കാളിത്ത

ത്തോടെ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനുഭവപരിജ്ഞാനമുണ്ട്. എന്നാൽ, ഇത്തരത്തിലുള്ള അനുഭവ പരിജ്ഞാനമൊന്നുമില്ലാത്ത ഒരു സ്വകാര്യ സംരംഭകനെയാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽ നോട്ടവും നടത്തിപ്പും ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് മുൻ തിരുവിതാംകൂർ സംസ്ഥാനം നൽകിയ റോയൽ ഫ്ളൈയിംഗ് ക്ലബ്ബിന്റെ വക 258.06 ഏക്കർ ഭൂമിയും വിമാനത്താവളത്തിന്റെ 636.57 ഏക്കർ വിസ്തൃതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിനുശേഷം സംസ്ഥാന സർക്കാർ തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി 32.56 ഏക്കർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ 250 കോടി രൂപ മതിപ്പ് വിലയുള്ള 18 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാനുള്ള നടപടി കൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സൗജന്യമായി നൽകിയ ഭൂമിയുടെ വില സ്പെഷ്യൽ പർപ്പസ് വെഹി ക്കിളിൽ (എസ്.പി.വി) സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാ ക്കണമെന്ന നിലയിലാണ് ഇത് ഏറ്റെടുത്ത് നൽകിയിരുന്നത്.

ബിഡ്ഡിനുശേഷം കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടു ക്കുന്നതിനിടയിൽ എയർപോർട്ട് സ്വകാര്യവൽക്കരണത്തിനെതിരെ ബഹു: കേരള ഹൈക്കോടതിയിൽ റിട്ട് ഹർജിയും പൊതു താൽപര്യ ഹർജിയും ഫയൽ ചെയ്യപ്പെട്ടു.

ബഹു. കേരള ഹൈക്കോടതി ഈ വിഷയം പരിശോധിച്ച് പുറപ്പെടു വിച്ച വിധിയിൽ, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട വിഷയമായതിനാൽ ഈ ഹർജിയുടെ ഒറിജിനൽ ജൂറിസ്ഡിക്ഷൻ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം ബഹു: സുപ്രീംകോടതിക്കാ ണെന്ന് വിധി പ്രസ്താവിച്ചു.

ഈ വിധിപ്രസ്താവനയിൽ കേന്ദ്രസർക്കാർ എയർപോർട്ട് അതോറിറ്റി നൽകിയ ശിപാർശകളിന്മേൽ തീരുമാനമെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു.

ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് ബഹു. സുപ്രീം കോടതി മേൽപ്പറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു.

ബഹു. സുപ്രീം കോടതി വിധിക്ക് അനുസൃതമായി ബഹു. കേരള ഹൈക്കോടതിയിൽ കേസിൽ ഹിയറിംഗ് നടന്നുവരികയാണ്. ഇതിനിടയിലാണ് കേന്ദ്രമന്ത്രിസഭയുടെ 19.08.2020 ലെ തീരുമാനം വന്നിരിക്കുന്നത്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണ തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതുവികാരത്തിന് അനുസൃതമല്ല എന്ന് 19.08.2020-ന് തന്നെ ബഹു. പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. പൊതുമേഖലയിൽ നിലനിന്നപ്പോൾ വിമാനത്താവളത്തിന് നൽകിയ സഹായസഹകരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ശക്തമായ അഭിപ്രായത്തെ മറികടന്നുകൊണ്ട് സ്വകാര്യവൽക്കരിക്കപ്പെടുന്ന വിമാനത്താവളത്തിന് നൽകാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഇതിനെത്തുടർന്ന് 2020 ആഗസ്റ്റ് 20 ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് വഴി വിളിച്ചുചേർക്കുകയും ചെയ്തു. യോഗത്തിൽ ഉയർന്ന പൊതുവികാരം ബഹു. പ്രധാനമന്ത്രിയെ വീണ്ടും കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

അദാനി എന്റർപ്രൈസസ് നൽകാൻ തയ്യാറായ തുക സംസ്ഥാന സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം എടുത്തതിന്

യാതൊരു നീതീകരണവുമില്ല. ആയതിനാൽ, സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യവും, സംസ്ഥാന സർക്കാരിന്റെ യുക്തിസഹമായ അഭിപ്രായങ്ങളും, ബഹുഭൂരിപക്ഷം രാഷ്ട്രീയകക്ഷി നേതാക്കളുടെ അഭിപ്രായവും പരിഗണിച്ചുകൊണ്ട് 2020 ആഗസ്റ്റ് 19 ലെ കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും, തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് പങ്കാളിത്തമുള്ള എസ്.പി.വി ക്ക് നൽകണമെന്നും കേരള നിയമസഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
24.08.2020

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.